**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8055** — **16.07.2014 ൽ മറുപടിയ്ക്ക്**

## മാധ്യമരംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ:**<br>**ശ്രീ. ഷാഫി പറമ്പിൽ :**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്:**<br>**ശ്രീ. വി.റ്റി. ബൽറാം:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് യുവജന ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നു വരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നു വരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിനായി എല്ലാ വർഷവും യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നത്. |
| (സി) എന്തെല്ലാം കാര്യങ്ങളാണ് ഇതു വഴി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജേർണലിസം പഠിക്കുന്ന വിദ്യാർത്ഥികളെയും ദൃശ്യ അച്ചടി മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള യുവജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് 2011 ആഗസ്റ്റ് 25, 26 തീയതികളിൽ എറണാകുളം കളൂരിൽ വച്ച് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| | | | 2013 നവംബർ 29, 30, ഡിസംബർ 1 തീയതികളിൽ കോഴിക്കോട് വച്ച് ത്രിദിന യുവ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ കേരള മുഖ്യമന്ത്രിയുമായി മുഖാമുഖം പരിപാടി, മാധ്യമ രംഗത്തെ പ്രഗത്ഭർ നയിച്ച സെഷനുകൾ എന്നിവ സംഘടിപ്പിച്ചു.<br>2014 ഏപ്രിൽ 27, 28, 29 തീയതികളിൽ കോഴിക്കോട് ജില്ലയിലെ വെള്ളിമാട് കുന്നിൽ വച്ച് ത്രിദിന യുവ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നായി 200 ഓളം പ്രതിനിധികൾ പങ്കെടുത്തു. വിവിധ സെഷനുകൾ രംഗത്തെ പ്രഗത്ഭർ നയിച്ചു. |
| (ഡി) | ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | യുവജനക്ഷേമ ബോർഡ് നേരിട്ടാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ